# St. Xavier’s College, Thumba

NAAC Re-accredited with A grade

(CGPA: 3. 22)

# SMART ST. XAVIER’S

असतो मा सदगमया

# VISION 2025

**Smart St. Xavier's**
**Vision 2025**

**Developed by:**
**Dr. (Fr.) V. Y. Dasappan S. J.**
**Dr. T. K. Santhoshkumar, Coordinator, IQAC**
**Dr. Sunil C. Vattappalam**

**Published by:**
**Dr. (Fr.) V. Y. Dasappan S. J.**
Principal & Chairman, IQAC

**June 2019**

**St. Xavier's College, Thumba**
**St. Xavier's College P.O.**
**Thiruvananthapuram**
**695586**
**Kerala, India**

***Copy right @ Internal Quality Assurance Cell (IQAC), St. Xavier's College, Thumba Thiruvananthapuram***

***For private circulation only.***

**Contents**

**Vision and Mission**

- **Core Values**
- **Motto**

**Introduction**

**Vision Document**

# Vision And Mission

## Vision:

*A knowledge society with compassion, equity and justice*

## Mission:

*We commit ourselves to excellence in higher education, training and building a just society with a preferential option for the marginalized*

## Core Values

- Search for truth
- Excellence (Magis)
- Equity
- Peace
- Eco-Sensitivity

## Motto

असतोम सद्गमय

Asathoma Sadgamaya

## ആമുഖം

നാഷണൽ അസ്സെസ്സ്മെന്റ് ആൻഡ് അസിക്രെഡിറ്റേഷൻ കൗൺസിലിന്റെ (NAAC) ഗ്രേഡിങ്ങിൽ 3.22 എന്ന മികച്ച സ്കോറോട്ടുകൂടി തുമ്പ സെന്റ്. സേവിയേഴ്സ് കോളേജ് A ഗ്രേഡ് കരസ്ഥമാക്കി. കോളേജിന്റെ 55 വർഷത്തെ ചരിത്രത്തിലെ ഏറ്റവും വലിയ ചുവടുവെയ്പ്പുകളിൽ ഒന്നാണിത്. കടലോര ഗ്രാമങ്ങളിൽനിന്നും, ഇതര പാർശ്വവല്കൃത സമൂഹങ്ങളിൽനിന്നും ഇവിടെ എത്തുന്ന വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ദൗത്യമാണ് തുമ്പ സൈന്റ്. സേവിയേഴ്സ് കോളേജിനുള്ളത്. കോളേജിന്റെ സമഗ്ര വികസനത്തിലൂടെ മാത്രമേ ഈ ദൗത്യം പൂർണതയിലെത്തിക്കാൻ സാധിക്കൂ. അതിനുവേണ്ടി 25 വര്ഷം മുന്നിൽ കണ്ടുകൊണ്ട്, സ്മാർട്ട് സൈന്റ്. സേവിയേഴ്സ് എന്ന പേരിൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മൂന്നു ഘട്ടങ്ങളിലായി നടപ്പാക്കുന്ന ആ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള പല കാര്യങ്ങളും കലാലയത്തിൽ ഓരോന്നായി നടപ്പാക്കികൊണ്ടിരിക്കുന്നു. അതിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

1. ക്ലാസ് മുറികൾ 100 ശതമാനവും ഐ. സി. ടി. സൗകര്യമുള്ളതാക്കി മാറ്റി.

2. ഷൂട്ടിംഗ് ഫ്ലോർ, തിയേറ്റർ, റെക്കോർഡിങ് സ്റ്റുഡിയോ, എഡിറ്റ് സ്യൂട്ട് എന്നിവ ഉൾപ്പെട്ട മീഡിയ ലാബ് സ്ഥാപിച്ചു.

3. പെൺകുട്ടികൾക്കു വേണ്ടി വിശ്രമസങ്കേതം സ്ഥാപിച്ചു.

4. കലാ കായിക പ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന വിധത്തിലുള്ള ഓഡിറ്റോറിയത്തിന്റെ നിർമാണം പുരോഗമിക്കുന്നു.

5. നിലവിലുള്ള ആഡിറ്റോറിയം നവീകരിച്ചു.

6. ഹരിത ചട്ടത്തിന്റെ (Green Protocol) ഔദ്യോദിക പ്രഖ്യാപനത്തിന് ഉതകും വിധം കലാലയത്തിൽ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

ഇവയെല്ലാം അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമാണ്. ഇതോടൊപ്പം കലാലയത്തിന്റെ വികസനത്തിൽ അനിവാര്യമായ മറ്റു ചില കാര്യങ്ങളുണ്ട്. അവ അടുത്ത 5 വർഷത്തിൽ നടപ്പാക്കുവാനാണ് ഈ സ്മാർട്ട് സൈന്റ്. സേവിയേഴ്സ് വിഷൻ 2025 കൊണ്ട് ഉദ്ദേശിക്കുന്നത്. മാസ്റ്റർ പ്ലാനിലെ ആദ്യ ഘട്ടത്തിന്റെ സാക്ഷാത്കാരം തന്നെയാണിത്. അതിൽ ഏറ്റവും പ്രധാനം പുതിയ കോഴ്സുകൾ ആരംഭിക്കുക എന്നതാണ്.

## വിഷൻ 2025, വിഷൻ ഡോക്യുമെന്റ്

- പി ജി ഉൾപ്പെടുന്ന പഠനവകുപ്പുകളായ കോമേഴ്സ്, ഫിസിക്സ് എന്നിവ സർവ്വകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളാക്കി മാറ്റുക.
- കെമിസ്ട്രി, മാത്തമാറ്റിക്സ്, ബോട്ടണി & ബിയോടെക്നോളജി, മലയാളം & മാസ്സ് കമ്മ്യൂണിക്കേഷൻ, എക്കണോമിക്സ്, ഹിസ്റ്ററി എന്നീ പഠന വകുപ്പുകളിൽ പി. ജി. കോഴ്സ് ആരംഭിക്കുക.
- ഇംഗ്ലീഷ് ഡിഗ്രി കോഴ്സ് ആരംഭിക്കുക.
- ലാറ്റിൻ ഭാഷാ പഠനത്തിന് സർവകശാലയുടെ അംഗീകാരമുള്ള സർട്ടിഫിക്കറ്റ് കോഴ്സ് നടപ്പാക്കുക.
- സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ തീരദേശ പഠനകേന്ദ്രം ക്യാമ്പസ്സിൽ സ്ഥാപിക്കുക. ഓഷ്യനോഗ്രഫി, ഡിസാസ്റ്റർ മാനേജ്മന്റ് എന്നീ കോഴ്സുകൾക്ക് പ്രാധാന്യം നൽകുക.
- കടലോര പാരിസ്ഥിതിക സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ട് ടൂറിസത്തിന്റെ സാധ്യതകൾ പഠിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക.
- ഒഴിവുള്ള അധ്യാപക തസ്തികകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുക.
- ലാംഗ്വേജ് ലാബിനെ കാലോചിതവും കാര്യക്ഷമവും ആക്കുക.
- ഗവേഷണ പ്രബന്ധങ്ങളും പുസ്തകങ്ങളും വിദ്യാർത്ഥികൾക്കാവശ്യമായ പഠന സാമഗ്രികളും തയ്യാറാക്കുന്നതിന് അധ്യാപകരെ പ്രോത്സാഹിപ്പിക്കുക.
- വൈജ്ഞാനിക രംഗത്തെ നൂതനമായ അറിവുകൾ നേടിയെടുക്കുന്നതിനും അത് വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനും ആവശ്യമായ പരിശീലനം അദ്ധ്യാപകർക്ക് നൽകുക.
- ക്യാമ്പസ് പ്ലേസ്മെന്റിന്റെ സാധ്യതകൾ കൂടുതൽ വികസിപ്പിക്കുക.
- വ്യവസായ മേഖലയുടെ സാദ്ധ്യതകൾ കലാലയത്തിൽ കൂടുതൽ പ്രയോജനപ്പെടുത്തുക.
- ദേശീയ/ അന്തർ ദേശീയ തലത്തിൽ അധ്യാപകരെയും, വിദ്യാർത്ഥികളെയും വൈജ്ഞാനിക ആവശ്യങ്ങൾക്കായി കൈമാറ്റം ചെയ്യുന്നതിന് അവസരമുണ്ടാക്കുക.
- വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വികസിപ്പിക്കുക. പഠനത്തോടൊപ്പം സമ്പാദ്യവും എന്ന സംസ്കാരം വികസിപ്പിക്കുക

- പൂർവ വിദ്യാർത്ഥി സംഘടനയുടെ സഹായത്തോടെ കലാലയത്തിൽ കൂടുതൽ വികസനം സാധ്യമാക്കുക.
- മാസ്റ്റർ പ്ലാനിന് ഒപ്പം സമയ ബന്ധിതമായ വികസന പദ്ധതി രേഖകൾക്ക് രൂപം നൽകുക.

വിഷൻ 2025, എന്ന വിഷൻ ഡോക്യുമെന്റിന്റെ ഊന്നൽ ഈ മേഖലകളിലാണ്. ഇതിന് സർവ്വകലാശാലയുടെയും സർക്കാരിന്റെയും പിന്തുണയും സഹകരണവും ആവശ്യമാണ്.

കോളേജിന് A ഗ്രേഡ് ലഭിച്ചതോടെ അക്കാഡമിക് ഓട്ടോണമിക്ക് അപേക്ഷിക്കാനുള്ള യോഗ്യത നേടിയിരിക്കുന്നു. അക്കാഡമിക് ഓട്ടോണോമി കലായതിന്റെ വളർച്ചക്ക് സഹായകമാകും. വിദ്യാർത്ഥികളുടെ കഴിവിനും പ്രാപ്തിക്കും അനുസരിച്ച് കരിക്കുലം തയ്യാറാക്കുമ്പോൾ, അത് ഇന്നത്തേതിനേക്കാൾ വിദ്യാർത്ഥികൾക്ക് ഗുണകരമാകും.

കലാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്നതാണ് വിഷൻ ***2025*** ന്റെ ലക്ഷ്യം. അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും വേണ്ട തുക സമാഹരികുകയും ചെയ്യുക എന്നത് ഈ വിഷൻ സാക്ഷാത്കരിക്കുന്നതിന് അനിവാര്യമാണ്.